## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4567 | 29.06.2012 ൽ മറുപടിക്ക് |
|---|---|

### പ്രവാസി മലയാളി വിദ്യാർത്ഥികളുടെ മലയാള ഭാഷാപഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. വാഹീദ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ,<br>ശ്രീ. കെ. ശിവദാസൻ നായർ. | ശ്രീ. കെ. സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) അന്യ സംസ്ഥാനത്തുള്ള മലയാളി വിദ്യാർത്ഥികൾക്ക് മലയാള ഭാഷ പഠിക്കുവാനുള്ള സംവിധാനം ഒരുക്കുന്ന പദ്ധതി പരിഗണനയിലുണ്ടോയെന്ന് പറയാമോ ; | (എ) മറുനാടൻ മലയാളികളുടെ മക്കൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും, കേരള സംസ്കാരം പരിചയിക്കുന്നതിനും, അവസരം ഒരുക്കുന്നതിനായി 'മലയാളം മിഷൻ' ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഇന്ത്യയിൽ എവിടെയെക്കെയാണ് ഇതിനുള്ള ശ്രമം തുടങ്ങിയിട്ടുള്ളത്. | (ബി) ഡൽഹി, മുംബൈ, ചെന്നൈ, കൽപ്പാക്കം, പോണ്ടിച്ചേരി, ബാംഗ്ലൂർ, അഹമ്മദാബാദ് എന്നിവിടങ്ങളിൽ മലയാളം മിഷന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ജബൽപൂർ, ബിലായി എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ചർച്ച നടന്നു വരുന്നു. |

| | |
|---|---|
| (സി) മലയാളി സാന്നിദ്ധ്യം ഏറെയുള്ള വിദേശങ്ങളിലും ഇതിനുള്ള ശ്രമം നടത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ ? | (സി അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വാഷിംഗ്ടണിലെ കുട്ടികൾക്ക് പാഠപുസ്തകങ്ങളും കൈപ്പുസ്തകങ്ങളും മലയാളം മിഷൻ അയച്ച് കൊടുത്തിട്ടുണ്ട്. ബഹ്റനിലേയ്ക്ക് പുസ്തകങ്ങൾ അയച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ